# പതിനഞ്ചാം കേരള നിയമസഭ

ആറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ആഗസ്റ്റ് 22, തിങ്കൾ

പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2022 ആഗസ്റ്റ് മാസം 22-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

### I. ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ച് സംവത്സരങ്ങളുമായി ബന്ധപ്പെട്ട അനുസ്മരണം

(സ്വാതന്ത്ര്യ സമരത്തിന് ധീരനേതൃത്വം നൽകിയും അതിൽ പങ്കെടുത്തും രാജ്യത്തിനുവേണ്ടി സ്വജീവൻ അർപ്പിച്ച രക്തസാക്ഷികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

മി. സ്പീക്കർ: രാജ്യം സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ പ്രത്യേക സമ്മേളനം ചേരുന്നത് ഏറെ

അഭിമാനകരമാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ ഐതിഹാസികമായ അദ്ധ്യായം എഴുതിച്ചേർത്ത നാടാണ് കേരളം. ആറ്റിങ്ങൽ - മലബാർ കലാപങ്ങൾ, പുന്നപ്ര വയലാർ സമരം, കയ്യൂരിലും വടക്കേ മലബാറിലും സാമ്രാജ്യത്വത്തിനും നാട്ടുവാഴിത്വത്തിനുമെതിരെ നടന്ന സമരങ്ങൾ, വാഗൺ കൂട്ടക്കൊല, വൈക്കം - ഗുരുവായൂർ സത്യാഗ്രഹങ്ങൾ തുടങ്ങിയവ സ്വാതന്ത്ര്യസമര ചരിത്രത്തിലെ ഉജ്ജ്വലമായ ഏടുകളാണ്. സ്വാതന്ത്ര്യസമര സേനാനികളായ വേലുത്തമ്പിദളവ, പഴശ്ശിരാജ, ചേറ്റൂർ ശങ്കരൻനായർ, പി. കൃഷ്ണപിള്ള, എ. കെ. ഗോപാലൻ, ഇ.എം.എസ്., കെ. കേളപ്പൻ തുടങ്ങിയവരെ ഈ സന്ദർഭത്തിൽ സ്മരിക്കുന്നു. അക്കാമ്മ ചെറിയാൻ, എ. വി. കുട്ടിമാളു അമ്മ, ക്യാപ്റ്റൻ ലക്ഷ്മി, കെ. ആർ ഗൗരിയമ്മ തുടങ്ങിയ ധീരവനിതകളുടെ ത്യാഗോജ്ജ്വലമായ പങ്കാളിത്തവും അവിസ്മരണീയമാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ചരിത്രം മതനിരപേക്ഷമായ രാഷ്ട്രവീക്ഷണത്തിന്റെയും ജനകീയ ഐക്യത്തിന്റെയും പാഠമാണ് നൽകുന്നത്. ആധുനിക രാഷ്ട്രത്തെ നിർമ്മിക്കുന്നത് മതമല്ല, മതനിരപേക്ഷതയാണെന്ന പാഠത്തിന് മറ്റെന്നത്തെക്കാളും ഇന്ന് പ്രസക്തിയുണ്ട്. മതനിരപേക്ഷത ഉയർത്തിപ്പിടിച്ചും ജനാധിപത്യം സംരക്ഷിച്ചും മാത്രമേ സ്വതന്ത്ര ഇന്ത്യയ്ക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഭരണഘടന വിഭാവന ചെയ്യുന്ന സ്വാതന്ത്ര്യം, നീതി, സമത്വം, സാഹോദര്യം തുടങ്ങിയ മൗലിക അവകാശങ്ങൾ ഇന്ത്യയിലെ പൗരന്മാർക്ക് എത്രത്തോളം ലഭ്യമായെന്ന് വിലയിരുത്തേണ്ട

സന്ദർഭം കൂടിയാണിത്. ഭരണഘടനയും സ്വാതന്ത്ര്യവും ജനാധിപത്യവും സമത്വവും ഇന്ന് വെല്ലുവിളി നേരിടുകയും രാജ്യത്ത് കടുത്ത സാമ്പത്തിക അസമത്വം നിലനിൽക്കുകയുമാണ്. ജാതിയുടെയും മതത്തിന്റെയും പേരിൽ ദരിദ്രർക്കും ദളിതർക്കും സ്ത്രീകൾക്കും നീതി നിഷേധിക്കപ്പെടുന്നതായ വാർത്തകൾ പുറത്തുവരികയും സാഹോദര്യം എന്ന ആശയം അട്ടിമറിക്കപ്പെടുകയുമാണ്. സ്വാതന്ത്ര്യം എല്ലാ കാലത്തും കാത്തുസൂക്ഷിക്കുമെന്ന പ്രതിജ്ഞ നാം പുതുക്കേണ്ടതായിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഇന്ത്യയിലെ ജനങ്ങൾ വ്യത്യസ്തമായ വഴികളിലൂടെ ഒരേ ലക്ഷ്യത്തിനുവേണ്ടി പൊരുതിയതിന്റെ ഫലമായാണ് രാജ്യത്തിന് സ്വാതന്ത്ര്യം ലഭ്യമായത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള രാഷ്ട്രീയ കാഴ്ചപ്പാടോടെയുള്ള ചെറുത്തുനിൽപ്പുകൾ സ്വാതന്ത്ര്യസമര പോരാട്ടമായി മാറുകയും കർഷകരുടെയും തൊഴിലാളികളുടെയും സമരങ്ങൾ കൂടുതൽ ശക്തി പ്രാപിക്കുകയും ചെയ്തു. അന്തർദേശീയതലത്തിലെ വിമോചന കാഴ്ചപ്പാടുകളും ലോക രാഷ്ട്രീയരംഗത്തെ മാറ്റങ്ങളും ഫാസിസത്തിനുണ്ടായ പരാജയവും സോഷ്യലിസ്റ്റ് റഷ്യയുടെ കുതിപ്പും വിമോചനസമര പോരാട്ടങ്ങൾക്ക് കരുത്ത് പകർന്നു. ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ കേരളത്തിന് പ്രത്യേക

സ്ഥാനമാണുള്ളത്. വ്യത്യസ്ത വഴികളിലൂടെ ഒരേ ലക്ഷ്യത്തിനായി പൊരുതിയ സ്വാതന്ത്ര്യ സമര സേനാനികളെ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കാണുകയും ഭിന്നതകളുടെ പേരിൽ അവരെ അടർത്തിമാറ്റാനുള്ള ശ്രമങ്ങളെ പ്രതിരോധിക്കുകയും വേണം. സ്വാതന്ത്ര്യ സമരത്തിൽ ത്യാഗത്തിന്റെ അധ്യായങ്ങൾ രചിച്ച ഗാന്ധിജി, ഭഗത്സിംഗ് ഉൾപ്പെടെയുള്ള വീരപുത്രരെ വിസ്മരിക്കാനാവുന്നതല്ല. 'കൃഷിഭൂമി കൃഷിക്കാരന്' എന്ന ദേശീയ പ്രസ്ഥാനം ഉയർത്തിപ്പിടിച്ച മുദ്രാവാക്യം പ്രാവർത്തികമാക്കാൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. ഭരണഘടനാ മൂല്യങ്ങളെ സംരക്ഷിക്കേണ്ട സാഹചര്യം ഇന്ന് സംജാതമായിരിക്കുകയാണ്. അഴിമതിരഹിത സംശുദ്ധ രാഷ്ട്രീയത്തിനും മതസ്വാതന്ത്ര്യത്തിനുമായി പ്രയത്നിച്ച സ്വാതന്ത്ര്യസമര പോരാളികളുടെ പരിശ്രമത്തെ കാത്തുസൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധമെന്ന് പ്രഖ്യാപിക്കാൻ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികത്തിൽ കഴിയണം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): നിസ്സഹകരണ സമരം, അഹിംസ, സത്യാഗ്രഹം എന്നീ മാർഗ്ഗങ്ങളിലൂടെ ബ്രിട്ടീഷ് ആധിപത്യത്തിൽനിന്നും ഇന്ത്യയെ മോചിപ്പിക്കാൻ സ്വാതന്ത്ര്യസമരത്തിന് കഴിഞ്ഞു. ജീവൻ ബലിയർപ്പിച്ച സ്വാതന്ത്ര്യ സമരസേനാനികളുടെ

സ്മരണയ്ക്കുമുന്നിൽ ആദരം അർപ്പിക്കുന്നു. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനൊപ്പം സാമൂഹ്യനീതിക്കും വേണ്ടിയായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യസമരം. ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനം ആർജ്ജിച്ച എല്ലാ ഘടകങ്ങളുടെയും ഉൽപ്പന്നമായ ഇന്ത്യൻ ഭരണഘടന വിശദമായ സംവാദങ്ങളിലൂടെ രൂപപ്പെടുത്തിയതാണ്. ഭരണഘടനയുടെ മുഖ്യ ആശയമായ മതേതര നിലപാടിനെ ദുർബലപ്പെടുത്തി വർഗ്ഗീയതയുടെയും വിദ്വേഷത്തിന്റെയും വിത്തുകൾ പാകി ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശത്തിന് വിരുദ്ധമായ നിലപാട് ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന ഭയാനകമായ സ്ഥിതിവിശേഷമാണ് ഇന്നുള്ളത്. ദേശീയ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തവരെ വിസ്മരിച്ചുകൊണ്ട് ചരിത്രത്തെ വളച്ചൊടിക്കാനും തമസ്കരിക്കാനുമുള്ള ഭരണകൂടത്തിന്റെ നീക്കങ്ങൾ അപലപനീയമാണ്. സ്വാതന്ത്ര്യത്തിന്റെ മൂല്യങ്ങളെ തകർക്കുന്ന അതിതീവ്ര ദേശീയതയെ ചെറുക്കുകയും രാജ്യത്തിന്റെ അഖണ്ഡത കാത്തുസൂക്ഷിക്കുന്നതിന് ധീരദേശാഭിമാനികൾ നടത്തിയ പോരാട്ടങ്ങൾ മാതൃകയാക്കുകയും വേണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സുവ്യക്തമായ മൂല്യങ്ങളാൽ സമ്പന്നമായ രാഷ്ട്രീയ പൊതുബോധമാണ് ഇന്ത്യയുടെ അടിത്തറ. ജാതി-മത ഭേദമെന്യേ കർഷകരും തൊഴിലാളികളുമുൾപ്പെടെയുള്ള സാധാരണക്കാർ നടത്തിയ

പോരാട്ടങ്ങളിലൂടെയാണ് ഇന്ത്യ സ്വാതന്ത്ര്യം നേടിയെടുത്തത്. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ കേരളം വഹിച്ച പങ്ക് നിസ്തുലമാണ്. ആറ്റിങ്ങൽ കലാപവും കയ്യൂർ ഉൾപ്പെടെയുള്ള സമരങ്ങളും ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ അവിസ്മരണീയമായ ഏടുകളാണ്. ഫെഡറൽ സംവിധാനത്തെ മാനിക്കാത്ത കേന്ദ്രഭരണം വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുകയും പൗരാവകാശത്തെ ഹനിക്കുകയും ചെയ്യുന്നതോടൊപ്പം ഭരണഘടനാ തത്വങ്ങൾക്കും സ്ഥാപനങ്ങൾക്കും വിലകൽപ്പിക്കാത്ത നയമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വ്യത്യസ്ത രാഷ്ട്രീയ ചിന്താധാരകൾ തടസ്സമാകാതെ ഒന്നിച്ച് മുന്നേറേണ്ട സാഹചര്യമാണ് ഇന്നുള്ളത്. സാമൂഹികമായി പിന്നാക്കം നിൽക്കുന്ന കുട്ടികളിലെ സർഗ്ഗശേഷി പരിപൂർണ്ണമായ വികാസത്തിലെത്തിക്കാനുള്ള അവസരങ്ങൾ സൃഷ്ടിച്ചാൽ മാത്രമേ സ്വാതന്ത്ര്യം അർത്ഥപൂർണ്ണമാകുകയുള്ളൂ; അതായിരിക്കണം 75-ാം സ്വാതന്ത്ര്യ വാർഷികാഘോഷവേളയിലെ നമ്മുടെ ലക്ഷ്യം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: രാജ്യത്തിന് സ്വാതന്ത്ര്യം ലഭിച്ച് 75-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ ആഘോഷിക്കാനും ആഹ്ലാദിക്കാനും ഏറെയുണ്ടെങ്കിലും ആലോചിക്കാനുമുണ്ടെന്ന

അഭിപ്രായമാണ് എനിക്കുള്ളത്. ഇൻഡ്യൻ സ്വാതന്ത്ര്യസമരമാണ് നിരായുധരായ ജനതയ്ക്ക് സാമ്രാജ്യത്വത്തെ എതിർക്കാനുള്ള പ്രചോദനമായത്. സ്വാതന്ത്ര്യസമര സംഭവ വികാസങ്ങൾ എന്നും ആവേശം പകരുന്നതും ഭാവിയിലേയ്ക്കുള്ള അടിത്തറ പാകുന്നതുമാണ്. ജാതി-മത-സാമ്പത്തിക-സാമൂഹിക വ്യത്യാസമില്ലാതെ എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളാൻ സാധിച്ചാൽ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യം നേടാൻ കഴിയുകയുള്ളൂ. നിരായുധ മാർഗ്ഗത്തിലൂടെയും സത്യവും നീതിയും ഉയർത്തിപ്പിടിച്ചും മഹത് വ്യക്തികൾ സമ്മാനിച്ച സ്വാതന്ത്ര്യം ലോകത്തിനുതന്നെ മാതൃകയാണ്. ഭാരതത്തിന്റെ സ്വാതന്ത്ര്യ സംരക്ഷണത്തിനുവേണ്ടി നമുക്ക് പ്രതിജ്ഞയെടുക്കാം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ധീരദേശാഭിമാനികളെ ആദരവോടെ സ്മരിക്കുന്നു. സ്വതന്ത്ര ഇന്ത്യയുടെ ആധാരശിലകളായ മതനിരപേക്ഷത, ജനാധിപത്യം, ജനങ്ങളുടെ പരമാധികാരം, സോഷ്യലിസം, ഫെഡറൽ സംവിധാനം എന്നിവ സംരക്ഷിക്കുന്നതിനും സ്വാതന്ത്ര്യം, നീതി, സമത്വം, സാഹോദര്യം എന്നിവ യാഥാർത്ഥ്യമാക്കുന്നതിനുമുള്ള പോരാട്ടം തുടരേണ്ടതാണ്.

സാമ്രാജ്യത്വത്തിന്റെ കൊള്ളരുതായ്മകൾക്കെതിരെയുള്ള പോരാട്ടങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോയാൽ മാത്രമേ യഥാർത്ഥ സ്വാതന്ത്ര്യ സമര ചരിത്രം രചിക്കാനാകൂ. നാനാത്വത്തിൽ ഏകത്വം എന്ന ആശയത്തിന് കോട്ടം വരാതെ സംരക്ഷിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. 'ആസാദി കാ അമൃത് മഹോത്സവ് ' എന്ന പേരിൽ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ജാതിമത ചിന്തകൾക്കതീതമായി പുതിയൊരു ഭാരതം കെട്ടിപ്പടുക്കാൻ നമുക്ക് കഴിയണം. അഹിംസാ സിദ്ധാന്തത്തിലൂന്നിയാണ് ഗാന്ധിജി ഇന്ത്യയെ നയിച്ചത്. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തകർക്കുന്ന ശക്തികൾക്കെതിരെ പോരാടിയും ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചും ഭരണഘടനാ സ്ഥാപനങ്ങളെ സംരക്ഷിച്ചും സാമ്രാജ്യത്വ നീക്കങ്ങളെ ചെറുത്തും പൗരാവകാശവും സാമൂഹ്യനീതിയും ഉറപ്പാക്കിയും ഒറ്റക്കെട്ടായി മുന്നോട്ടുപോകാം.

ശ്രീ. മോൻസ് ജോസഫ്: രാജ്യം സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ കേരള നിയമസഭ പ്രത്യേക സമ്മേളനം ചേരുന്നത് അഭിമാനകരമാണ്. ജനാധിപത്യത്തെ മുറുകെ പിടിച്ചുകൊണ്ടുള്ള വികസനമുന്നേറ്റത്തിലൂടെ ജനതയുടെ പുരോഗതിയെന്ന അഭിമാനകരമായ നേട്ടം കൈവരിച്ച ചരിത്രമാണ് നമുക്കുള്ളത്. എഴുപത്തിയഞ്ച് വർഷംകൊണ്ട്

അടിസ്ഥാന സൗകര്യങ്ങളിലും ശാസ്ത്രസാങ്കേതിക-വികസന രംഗത്തുമെല്ലാം നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും ദാരിദ്ര്യനിർമ്മാർജ്ജനം, ആരോഗ്യ പരിപാലനം, മറ്റ് വികസന കാര്യങ്ങൾ എന്നിവയിൽ നമുക്കിനിയും മുന്നോട്ടുപോകേണ്ടതുണ്ട്. ഫെഡറൽ സംവിധാനത്തെ ശക്തിപ്പെടുത്തുന്ന രീതിയിൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് നടത്തേണ്ടത് അനിവാര്യമാണ്. വർഗ്ഗീയ ശക്തികൾക്കെതിരെ ഉറച്ച നിലപാട് സ്വീകരിക്കണം. ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളിലൊന്നായ മതേതരത്വം ഉയർത്തിപ്പിടിക്കുന്നതിൽ കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്.

ശ്രീ. മാത്യു ടി. തോമസ്: സ്വാതന്ത്ര്യ സമ്പാദനത്തിനുവേണ്ടി നേതാക്കൾ അർപ്പിച്ചിട്ടുള്ള സംഭാവനകളും അവരുടെ സ്വപ്നങ്ങളും വിലമതിക്കാനാകാത്തതാണ്. ധാർമ്മികതയുടെ ഉന്നതമായ മൂല്യങ്ങൾ ലോകത്തിന് സമർപ്പിച്ച രാഷ്ട്രമാണ് ഇന്ത്യ. അഹിംസയെന്ന ആയുധമുപയോഗിച്ച് സാമ്രാജ്യത്വ ശക്തിയിൽനിന്ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം നേടാൻ കഴിഞ്ഞു. നമ്മോടൊപ്പം സ്വാതന്ത്ര്യം നേടിയ പല രാജ്യങ്ങളും ഛിന്നഭിന്നമായെങ്കിലും ഉന്നതവും ഉദാത്തവുമായ ഒരു ഭരണഘടനയെ അടിസ്ഥാനപ്പെടുത്തി ജനാധിപത്യം സംരക്ഷിച്ചുപോകാൻ നമുക്ക് സാധിച്ചു. സ്വാതന്ത്ര്യ സമ്പാദനത്തിന്റെ ലക്ഷ്യം പൂർത്തീകരിക്കണമെങ്കിൽ നമ്മൾ

സാമ്പത്തിക സ്വാതന്ത്ര്യം നേടേണ്ടതാവശ്യമാണ്. സ്വദേശ/വിദേശ കുത്തകകൾ നമ്മുടെ രാഷ്ട്രീയ പരമാധികാരത്തെ കവർന്നെടുക്കാതിരിക്കാനും സാമ്രാജ്യത്വ രാഷ്ട്രങ്ങളുടെ അജണ്ട നടപ്പാക്കാനുള്ള വേദിയായി ഇന്ത്യ മാറാതിരിക്കാനും ജാഗ്രതയുണ്ടാകണം. ജനാധിപത്യം ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മതത്തിന്റെയോ ഭാഷയുടെയോ സംസ്കാരത്തിന്റെയോ പേരിൽ രാജ്യം മുറിക്കപ്പെടരുതെന്ന് തീരുമാനിക്കാനും പ്രഖ്യാപിക്കാനുമുള്ള അവസരമായി ഈ ജൂബിലി ആഘോഷങ്ങൾ മാറട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സ്വാതന്ത്ര്യ ദിനാഘോഷം എന്നത് ഒരു ജനതയുടെ പോരാട്ടത്തിന്റെയും സ്വാതന്ത്ര്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ആയിരക്കണക്കിന് രക്തസാക്ഷികളുടെയും ഓർമ്മപുതുക്കൽ കൂടിയാണ്. അഹിംസയിലൂന്നിയ ഗാന്ധിയൻ സമരരീതിയാണ് ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ മറ്റ് ലോകരാജ്യങ്ങളുടെ സമരത്തിൽനിന്നും വ്യത്യസ്തമാക്കുന്നത്. ശാസ്ത്ര-സാങ്കേതിക-ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിച്ചെങ്കിലും ഭരണഘടന ഉറപ്പുനൽകുന്ന ജനാധിപത്യ-മതേതര മൂല്യങ്ങൾ ഇന്ന് വെല്ലുവിളി നേരിടുകയാണ്. ചരിത്രത്തെ വളച്ചൊടിക്കാനുള്ള ശ്രമങ്ങളെ ചെറുത്ത്

തോൽപ്പിക്കുന്നതിനൊപ്പം മതേതരത്വം തകർക്കാൻ ശ്രമിക്കുന്നവരിൽനിന്ന് രാജ്യത്തെ രക്ഷിക്കുകയെന്ന ദൗത്യവും പ്രധാന വെല്ലുവിളിയായി ഈ കാലഘട്ടത്തിൽ മാറിയിരിക്കുകയാണ്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത വീരപുത്രന്മാർക്ക് അഭിവാദ്യങ്ങൾ അർപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): ആസാദീ കാ അമൃത് മഹോത്സവ് ആഘോഷിക്കുന്ന വേളയിൽ സ്വാതന്ത്ര്യ സമരത്തിൽ പങ്കാളികളായവരുടെ സ്മരണാർത്ഥം പ്രത്യേക നിയമസഭാ സമ്മേളനം ചേരാനെടുത്ത തീരുമാനം ശ്ലാഘനീയമാണ്. രണ്ട് നൂറ്റാണ്ട് നീണ്ടുനിന്ന കോളനിവാഴ്ചയ്ക്ക് അറുതിവരുത്താൻ ധീരദേശാഭിമാനികൾ നടത്തിയ സമരങ്ങളും അതിന്റെ ഭാഗമായി അനുഭവിച്ച ത്യാഗങ്ങളും ചരിത്രത്തിന്റെ ഭാഗമാണ്. സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങൾക്ക് കേന്ദ്രീകൃത സ്വഭാവം കൈവരുന്നതിനുമുമ്പ് കോളനിവാഴ്ചയ്ക്കെതിരെ നടന്ന നാനാതരത്തിലുള്ള പ്രതിഷേധങ്ങളെല്ലാം സമരം ശക്തിപ്പെടുത്തുന്നതിനും ജനങ്ങളെ അണിനിരത്തുന്നതിനും പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. കേരളത്തിലെ സ്വാതന്ത്ര്യ സമരപ്രസ്ഥാനങ്ങളുടെ സ്വാധീന ശക്തി ഗാന്ധിയൻ ആദർശങ്ങളായിരുന്നു. നമ്മുടെ നാട് കാത്തുസൂക്ഷിക്കുന്ന ജനാധിപത്യ-

മതേതര മൂല്യങ്ങൾ നെഞ്ചിലേറ്റി മഹത്തായ ഭാരതത്തിന്റെ മുന്നേറ്റത്തിനായി ഒറ്റക്കെട്ടായി നമുക്ക് പ്രവർത്തിക്കാം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി പോരാടുകയും നേതൃത്വം വഹിക്കുകയും ജീവത്യാഗം വരിക്കുകയും ചെയ്ത ധീരദേശാഭിമാനികളെ കൃതജ്ഞതയോടും ആദരവോടും സ്മരിക്കുന്നു. സ്വാതന്ത്ര്യം കാംക്ഷിച്ചുനിന്ന പല ലോകരാജ്യങ്ങൾക്കും ഇന്ത്യൻ സ്വാതന്ത്ര്യ സമരം പ്രചോദനമായിട്ടുണ്ട്. 75 വർഷങ്ങൾകൊണ്ട് ജനാധിപത്യത്തിന്റെ മഹനീയ മാതൃക ലോകത്തിനുമുന്നിൽ ഉയർത്തിപ്പിടിക്കാൻ കഴിഞ്ഞുവെന്നതിൽ നമുക്കഭിമാനിക്കാം. ലോകത്തിലെ ഏറ്റവും സമഗ്രമായ ഭരണഘടനയാണെന്ന് അഭിമാനം കൊള്ളുമ്പോഴും ഭരണഘടനയുടെ അടിസ്ഥാന ഘടകങ്ങളെപ്പോലും ചോദ്യംചെയ്യുന്ന തരത്തിലുള്ള പ്രവൃത്തികളുണ്ടാകുന്നത് അപലപനീയമാണ്. ഭക്ഷണവും വസ്ത്രവും മാത്രമല്ല, ചരിത്രംപോലും വക്രീകരിക്കപ്പെടുമ്പോൾ സ്വാതന്ത്ര്യവും അവകാശങ്ങളും കവർന്നെടുക്കാൻ ശ്രമിക്കുന്നവർക്കെതിരെ സമരങ്ങൾ ശക്തിപ്പെടുത്തേണ്ട സാഹചര്യമാണ് നിലവിലുള്ളത്. കൂടുതൽ കരുത്തോടെ സ്വാതന്ത്ര്യത്തിന്റെ വിഹായസ്സിൽ ചിറകുവിരിച്ച് ജനാധിപത്യത്തിലെ യഥാർത്ഥ അവകാശികളായ ജനങ്ങളുടെ

സേവനത്തിനായി നമുക്ക് പുനരർപ്പണം ചെയ്യാം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ലോകത്തിലെ ഏറ്റവും വലിയ മതേതര ജനാധിപത്യ പരമാധികാര രാജ്യമായ ഇന്ത്യയുടെ 75-ാം സ്വാതന്ത്ര്യ വാർഷികം ലോകശ്രദ്ധയാകർഷിച്ച സംഭവമാണ്. സ്വാതന്ത്ര്യത്തിന്റെ അർത്ഥം സാർത്ഥകമാക്കാനും ഭരണഘടനാമൂല്യങ്ങളും ജനാധിപത്യവും സ്വാതന്ത്ര്യവും മതനിരപേക്ഷതയും പരമാധികാരവും സംരക്ഷിക്കാനുള്ള സമരത്തിന് സന്നദ്ധമാകേണ്ട കാലമാണിത്. മഹാരഥന്മാരുടെ ജീവത്യാഗം കൊണ്ടും അനർഘമായ ജീവിത സമർപ്പണംകൊണ്ടും നേടിയെടുത്ത സ്വാതന്ത്ര്യവും ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കാൻ നാം ബാധ്യസ്ഥരാണ്. സ്വാതന്ത്ര്യലബ്ധിയുടെ 75-ാം വാർഷികാഘോഷം രാജ്യത്തുടനീളം സംഘടിപ്പിക്കപ്പെടുമ്പോഴും ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി രക്തസാക്ഷികളായവരുടെ സ്മരണയ്ക്കുമുന്നിൽ പ്രണമിക്കുമ്പോഴും രാജ്യത്തെ രക്ഷിക്കാനുള്ള മുന്നേറ്റത്തിന് സമാധാനത്തിന്റെയും ആദർശത്തിന്റെയും സമർപ്പണബോധത്തിന്റെയും ആയുധമണിയുന്നതിനുള്ള പ്രതിജ്ഞയെടുക്കേണ്ട കാലഘട്ടം കൂടിയാണിത്. സ്വാതന്ത്ര്യ സമരത്തിന്റെ ധീരസ്മരണകൾ പങ്കുവയ്ക്കുന്നതിന് നിയമസഭ പ്രത്യേകമായി ഒരു ദിനം മാറ്റിവച്ചതിന് ബഹുമാനപ്പെട്ട സ്പീക്കറെ

അഭിനന്ദിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ:</u> സ്വാതന്ത്ര്യ സ്വപ്ന പൂർത്തീകരണത്തിനായി ആത്മാർപ്പണം ചെയ്ത ധീരദേശാഭിമാനികളുടെ സമുജ്ജ്വലമായ സ്മരണകൾക്കുമുന്നിൽ ആദരപൂർവ്വം തലകുനിക്കുന്നു. ഇതിഹാസോജ്ജ്വലമായ ഇന്ത്യൻ സമരപോരാട്ടത്തിൽ പങ്കുവഹിക്കാത്ത മതേതര ഐക്യബോധത്തെ തകർക്കാൻ ശ്രമിച്ച വർഗ്ഗീയശക്തികൾ ഇന്ത്യയെന്ന മഹത്തായ രാഷ്ട്രത്തിന്റെ ഊടുംപാവുമായ മൂല്യങ്ങളെയാകെ തകർക്കാൻ ശ്രമിക്കുന്ന കാലമാണിത്. ജനതയെ വർഗ്ഗീയമായി വേർതിരിച്ച് ഇന്ത്യയെന്ന ജനാധിപത്യ രാഷ്ട്രത്തെ അസ്ഥിരപ്പെടുത്താൻ ശ്രമം നടത്തുന്ന മതരാഷ്ട്രവാദികൾക്കെതിരെ സന്ധിയില്ലാത്ത പോരാട്ടമാണ് വേണ്ടത്. പുറന്തള്ളലല്ല ഉൾച്ചേർക്കലാണ് ഇന്ത്യയെന്ന മഹനീയ ആശയത്തിന്റെ സത്തയെന്ന് തലമുറയെ പഠിപ്പിക്കാനും ജനാധിപത്യ മതേതര ഇന്ത്യയ്ക്കായി ദേശാഭിമാന പ്രതിരോധത്തിന്റെ പടയൊരുക്കാനും സ്വാതന്ത്ര്യ വാർഷിക സ്മൃതി കരുത്താകട്ടെയെന്ന് ആശംസിക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ:</u> ദാരിദ്ര്യവും തൊഴിലില്ലായ്മയും വർഗ്ഗീയവാദവും വിഘടനവാദവും അവസാനിക്കുന്ന സമയത്തുമാത്രമേ സ്വതന്ത്രഭാരത സങ്കല്പം പൂർണ്ണതയിലെത്തുകയുള്ളൂ. സമത്വസുന്ദരമായ

രാജ്യത്തെ വിഭാവനം ചെയ്യുന്ന ആദർശമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയണം. ജനാധിപത്യം ധ്വംസിക്കപ്പെടുകയും സാധാരണക്കാർക്ക് ജീവിക്കാൻ സാധിക്കാത്ത സ്ഥിതിയുമുണ്ടായിരിക്കുന്ന സാഹചര്യത്തിൽ രണ്ടാം സ്വാതന്ത്ര്യ സമരത്തിന് സമയമായിരിക്കുകയാണ്. എല്ലാവിധ ആശംസകളുമർപ്പിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മാണി സി. കാപ്പൻ: ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ടുള്ള പ്രത്യേക യോഗം വിളിച്ചതിന് ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിക്കുന്നു. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കാൻ നമുക്കൊരുമിച്ച് പ്രവർത്തിക്കാം. രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി മരണമടഞ്ഞ ആളുകളുടെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സഹന സമരങ്ങളിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യം രാജ്യത്ത് നിലനിൽക്കുന്നുണ്ടോയെന്നുള്ള പരിശോധന നടത്തേണ്ടതുണ്ട്. ഭരണഘടനാമൂല്യങ്ങൾ ലംഘിക്കപ്പെടുകയും ഐക്യവും അഖണ്ഡതയും ഇന്ന് തകർക്കപ്പെടുകയുമാണ്. ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റെയും പേരിൽ രാജ്യത്ത് അരാജകത്വം സൃഷ്ടിക്കാൻ നടത്തുന്ന ബോധപൂർവ്വമായ ശ്രമങ്ങളെ ചെറുത്ത് തോൽപ്പിക്കാൻ കഴിയണം.

സ്വാതന്ത്ര്യത്തിന്റെ 75 വർഷങ്ങൾ ആഘോഷിക്കുന്ന വേളയിൽ എല്ലാവർക്കും ആശംസകൾ നേരുന്നു.

## II. പ്രമേയം

ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ 75 സംവത്സരങ്ങൾ അനുസ്മരിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി അവതരിപ്പിച്ച പ്രമേയം പിന്താങ്ങുകയും ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

സഭ രാവിലെ 10.47-ന് പിരിഞ്ഞു.

*****